വനിത
ശിശുവികസന
വകുപ്പ്

## സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

### സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർസെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

(ഹാജർ: അനുപമ T.V IAS ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് )

**വിഷയം:-** വനിത ശിശു വികസന വകുപ്പ്-ഐ.സി.പി.എസ്-എസ്.സി.പി.എസ്.- പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ CWC, JJB-യിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസ്സിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ 2021 ഏപ്രിൽ മാസം മുതലുള്ള വേതനം നൽകുന്നതിനു ആവശ്യമായ തുക അനുവദിച്ചു ഉത്തരവാകുന്നു.

പരാമർശം: 1..സർക്കാർ ഉത്തരവ് നം.GO.(RT)No.3792/2021/Fin തീയതി:29.04.2021

2. ഈ കാര്യാലയത്തിലെ ഉത്തരവ് നം.ICPS4(A)/1415/21 തിയതി:03.05.2021
3. ഈ കാര്യാലയത്തിലെ ഉത്തരവ് നം.ICPS 4(B)/7231/16 തീയതി:23.02.2021
4. ഈ കാര്യാലയത്തിലെ ഉത്തരവ് നം.ICPS 4(A)/1415/21 തീയതി:06.05.2021

***ഉത്തരവ് നമ്പർ-ICPS-4 (A)/1415/21 തീയതി*** : 19.05.2021

വനിതാ ശിശു വികസന വകുപ്പിൻറെ കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജില്ലകളിലെ CWC, JJB-യിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസ്സിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ 2021 ഏപ്രിൽ മാസം മുതലുള്ള വേതനം DCPU മാരുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ പരാമർശം 4 പ്രകാരം അനുവദിച്ചിരുന്നു.എന്നാൽ ടി ഉത്തരവിൽ അനുവദിച്ച തുകയ്ക്ക് പുറമേ ചില ജില്ലകളിലെ അസ്സിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം കൂടി അനുവദിക്കേണ്ടതുണ്ട്.

2021 ഫെബ്രുവരി മാസം മുതൽ പ്രസ്തുത ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച പ്രതിമാസം 20,065/- രൂപ നിരക്കിലും ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് പ്രതിദിനം 730/-രൂപ നിരക്കിൽ പരമാവധി ഒരു മാസം 19,710/-രൂപ നൽകുന്നതിനും പരാമർശം 4 പ്രകാരം ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ CWC, JJB-യിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസ്സിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് 2021 ഏപ്രിൽ മാസം മുതലുള്ള വേതനം നൽകുന്നതിന് ഓരോ ഹോമുകളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് 50,000/-രൂപ നിരക്കിൽ അടുത്ത ഗഡുവായി ആകെ 3,50,000/-രൂപ (മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം ) ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| Sl.No | District | Home | CWC/JJB | DEO salary | District Wise Total |
|---|---|---|---|---|---|
| 1 | Pathanamthitta | Govt. Observation Home | JJB | 50000 | 50000 |
| 2 | Idukki | DCPU | CWC | 50000 | 1,00,000 |
| | | DCPU | JJB | 50000 | |
| 3 | Palakkad | Govt. Observation Home | JJB | 50000 | 50000 |
| 4 | Malappuram | Govt. Observation Home | JJB | 50000 | 50000 |
| 5 | Wayanad | Govt. Observation Home | JJB | 50000 | 50000 |
| 6 | Kasargod | Govt. Observation Home | JJB | 50000 | 50000 |
| | Grant Total | | | 350000 | |

ടി തുകയായ 3,50,000/-രൂപ (മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം ) ഐ.സി.പി.എസിന്റെ ശീർഷകമായ 2235-02-102-61-34-3-Other Items -(P) യിൽ നിന്നും അതാതു ജില്ലകളിലെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമ്മാരുടെ പേരിൽ അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതും, ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ബന്ധപ്പെട്ട സൂപ്രണ്ടുമാരുടെ പേരിൽ അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതുമാണ്.

സൂപ്രണ്ട് തുക കൈപ്പറ്റിയ രസീത്, തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, Expenditure Statement എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ജീവനക്കാർക്ക് ചെക്കായോ/ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ മുഖേനയോ മാത്രമേ ശമ്പളം അനുവദിക്കാൻ പാടുള്ളൂ.

ടി തുക ICPS-ൻറെ Component ആയ CWC-JJB എന്നിവയിൽ ഉൾക്കൊള്ളിക്കാവുന്നതാണ്. തുകയുടെ 35% കേന്ദ്രവിഹിതവും 65% സംസ്ഥാനവിഹിതവുമാണ്.

ഒപ്പ്

വനിത ശിശു വികസന ഡയറക്ടർ&
മെമ്പർ സെക്രട്ടറി,SCPS

ജില്ലാ വനിതാ ശിശു വികസന ഓഫീസർ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ്

പകർപ്പ്:

1. സൂപ്രണ്ട് A സെക്ഷൻ (അലോട്മെന്റ് നൽകുന്നതിനായി)
2. ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ട്മാർക്കും
3. ICPS -4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം മാനേജർ